STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.386/PR/SPMC/PHQ/2026 Date:31.08.2026

# പത്രക്കുറിപ്പ്

## ഓപ്പറേഷൻ തൂഫാൻ:

## അറസ്റ്റിലായവരുടെ എണ്ണം 10663.

## ഇതുവരെ എടുത്ത കേസുകൾ 9880

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ ഇതുവരെ 10663 പേർ അറസ്റ്റിലായി. കഴിഞ്ഞ ദിവസം, 41 കേസുകളിലായി 50 പേർ കൂടി അറസ്റ്റിലായതോടെ ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി എടുത്ത കേസുകളുടെ എണ്ണം 9880 ആയി ഉയർന്നു.

ഇതുവരെ 21373.901 ഗ്രാം എം.ഡി.എം.എയും 1126.889 കി.ഗ്രാം കഞ്ചാവും 523.927 ഗ്രാം ഹെറോയിനും പിടിച്ചെടുത്തിട്ടുണ്ട്.

കഴിഞ്ഞ ദിവസം രജിസ്റ്റർ ചെയ്ത കേസുകളിൽ സ്മാൾ ക്വാണ്ടിറ്റി കൈവശം വച്ചതിന് ഏഴ് കേസുകളും മീഡിയം ക്വാണ്ടിറ്റി കൈവശം വച്ചതിന് അഞ്ച് കേസുകളും 27 എൻ.ഡി.പി.എസ് ആക്ട് പ്രകാരം 29 കേസുകളും കോട്പ പ്രകാരം 29 കേസുകളും രജിസ്റ്റർ

ചെയ്തിട്ടുണ്ട്. ഇവരിൽ നിന്ന് 11.170 ഗ്രാം എം.ഡി.എം.എയും 16.193 കി .ഗ്രാം കഞ്ചാവും 0.1 ഗ്രാം ഹെറോയിനും പിടിച്ചെടുത്തു.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ഇന്നലെ മാത്രം സംസ്ഥാനത്തുട നീളം കേരള പോലീസ് 11 ബോധവത്ക്കരണ ക്ലാസുകൾ നടത്തി. ഇതു വരെ നടത്തിയ ആകെ ബോധവത്ക്കരണ ക്ലാസ്സുകളുടെ എണ്ണം 9399 ഉം കൗൺസിലിങ്ങുകളുടെ എണ്ണം 613 ഉം ആണ്. സ്കൂൾ, കോളേജ് പ്രൊട്ട ക്ഷൻ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ആകെ 6649 ബോധവത്ക്കരണ പരി പാടികളും നടത്തി.

ലഹരി വിപണനത്തെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ടും (9497979794, 9497927797) വാട്സ്ആപ്പ് (9995966666) മുഖേനയും പോലീസിനെ അറിയിക്കാം. ഈ നമ്പറുകളിലേക്ക് ബന്ധപ്പെടുന്നവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****************************